**ഇഹ്സാൻ**

# ജനാധിപത്യത്തിനു ചേരാത്ത ചോരക്കറകൾ

**ഗുജറാത്തിലെ** അഹ്മദാബാദിൽ ക്രൈംബ്രാഞ്ചിന്റെ വെടിയേറ്റ് നാല് 'തീവ്രവാദികൾ' കൊല്ലപ്പെട്ട സംഭവം മാധ്യമങ്ങളുടെ മതിയായ പോസ്റ്റ്മോർട്ടത്തിന് വിധേയമാകാതെയാണ് അവസാനിച്ചത്. വാരാണസിയിൽ നടന്ന ബോംബ് സ്ഫോടനങ്ങളുടെ മുഖ്യസൂത്രധാരനെന്ന് പോലീസ് ആരോപിക്കുന്ന സലാർ ലഖ്നൗവിൽ കൊല്ലപ്പെട്ട സംഭവവും പൊതുജനം അപ്പടി അംഗീകരിക്കുകയാണുണ്ടായത്. വാരാണസിയിൽ ബോംബുവെച്ചത് സലാർ ആണെന്ന മട്ടിലാണ് ആദ്യ ദിവസങ്ങളിൽ വാർത്ത വന്നതെങ്കിലും പിന്നീട് മറ്റു രണ്ടുപേരുടെ രേഖാചിത്രങ്ങൾ പുറത്തുവന്നതോടെ യഥാർഥ പ്രതിയെ കുറിച്ച ചർച്ച വഴിതെറ്റിപ്പോവുകയാണ് ഉണ്ടായത്. അന്നേക്ക് ഒരു വർഷവും ഇരുപത് ദിവസവും മുമ്പ് ഈ സലാറിനെ പോലീസുകൾ വന്ന് വീട്ടിൽനിന്നും ഇറക്കിക്കൊണ്ടുപോയതിനു ശേഷം തങ്ങൾ കണ്ടിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ ഭാര്യ പറയുന്നത്. എന്തായാലും ഒരു തുള്ളി ചോര പോലും ശുഭ്രമായ തന്റെ വസ്ത്രത്തിലെവിടെയുമില്ലാതെ ലഖ്നൗവിലെ തെരുവിൽ മരിച്ചുകിടന്ന ഇയാളുടെ ചിത്രം അങ്ങേയറ്റം സംശയാസ്പദമായിരുന്നു. വാരാണസി സംഭവത്തിനെതിരായ ജനരോഷം തണുക്കാൻ ഈ വെടിവെപ്പ് സഹായിച്ചിട്ടുണ്ടാകാമെങ്കിലും പുതിയൊരു ദുരാചാരത്തിന് തുടക്കമിടുകയാണ് പോലീസ് ചെയ്തതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഒരു പ്രത്യേക മതസമൂഹത്തിൽപെടുന്നവരെ വെടിവെച്ചുകൊന്നാൽ പല വിഷയങ്ങളിലും 'ജനരോഷം' തണുക്കുന്നു എന്നത് ഞെട്ടിക്കുന്ന യാഥാർഥ്യമാണ്. 2004 ജൂണിൽ മുംബൈയിലെ ഇസ്റത്ത് ജഹാൻ എന്ന പെൺകുട്ടിയെ വെടിവെച്ചുകൊന്ന അഹ്മദാബാദ് പോലീസ് അവളെ ചിത്രീകരിച്ചത് ലശ്കറെ ത്വയ്യിബയുടെ മനുഷ്യബോംബ് ആയിട്ടാണ്. യാഥാർഥ്യം അതല്ലെന്ന് വ്യക്തമായിട്ടും ഒരു ചുക്കും രാജ്യത്ത് സംഭവിച്ചില്ല. ഗുജറാത്തിൽ 'ഏറ്റുമുട്ടലി'ൽ കൊല്ലപ്പെടുന്ന എല്ലാ ഭീകരന്മാരുടെയും കുറ്റം നരേന്ദ്രമോഡിയെ വധിക്കുക എന്നതും ഇവരെല്ലാവരും എത്തിച്ചേരുന്നത് പാകിസ്താനിൽനിന്നാണ് എന്നതും ദുരൂഹമായ സമസ്യയാണ്.

ചുഴിഞ്ഞന്വേഷിക്കുംതോറും ഗുജറാത്ത് പോലീസിന്റെ ബീഭത്സമായ മുഖം പുറത്തുവരുന്ന 'ഏറ്റുമുട്ടൽ' കൊലപാതകമാണ് ഏറ്റവുമൊടുവിൽ നടന്നത്. കൊല്ലപ്പെട്ട നാലുപേരും കഴിഞ്ഞ അഞ്ചു മാസക്കാലമായി ഗുജറാത്ത് പോലീസിന്റെ അന്യായ തടങ്കലിൽ ഉണ്ടായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇതിൽപെട്ട ഒരാൾ കശ്മീരിലെ പുൽവാമ ജില്ലയിൽനിന്ന് ആപ്പിൾ വിൽക്കാനായി അഹ്മദാബാദിലേക്കു പോയ മുഹമ്മദ് അയ്യൂബ് ഭട്ടാണെന്നും സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. കച്ചവടം നടന്ന് നാട്ടിലേക്ക് തിരിക്കും മുമ്പെ കഴിഞ്ഞ ഡിസംബർ 20-ന് ഈ യുവാവ് അവസാനമായി വീട്ടിലേക്ക് ഫോൺ വിളിക്കുകയും ചെയ്തിരുന്നു. അതേസമയം നാല് 'ഹർകത്തുൽ മുജാഹിദീൻ ഭീകരർ' പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതായാണ് ക്രൈംബ്രാഞ്ച് ജോയിന്റ് കമീഷണർ പി.പി പാണ്ടെ അറിയിച്ചത്. ഇവരെല്ലാം ഭീകരനാണെന്ന് കൊല്ലുന്നതിനു മുമ്പെ പോലീസിന് അറിയാമായിരുന്നെങ്കിലും ജമ്മുകശ്മീർ പോലീസിന് ഫോട്ടോ അയച്ചുകൊടുത്തതിനു ശേഷമാണ് രണ്ടു പേരുടെ മേൽവിലാസം പോലീസ് സ്ഥിരീകരിച്ചത്. അതെങ്ങനെ ശരിയാകും? ഒരുത്തന്റെ പേരു പോലും ശരിക്കറിയാതെ അയാൾ ഹർകത്തുൽ മുജാഹിദീന്റെ കമാന്റർ ആണെന്ന് വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിക്കാൻ കഴിഞ്ഞതെങ്ങനെ? നാലു പേരിൽ രണ്ടുപേർ പാകിസ്താനികളും ശേഷിച്ചവർ കശ്മീരികളും ആണെന്നു മാത്രമാണ് ആദ്യം അറിയിച്ചത്. ശ്രീനഗർ പോലീസ് സ്ഥിരീകരിച്ചതിനു ശേഷമാണ് കൊല്ലപ്പെട്ടവരുടെ പേരുകൾ പാണ്ടെ പിന്നീട് പ്രഖ്യാപിച്ചതും.

അഹ്മദാബാദിലെ ഈ ഏറ്റുമുട്ടൽ നാടകത്തെ കുറിച്ച് പെട്ടെന്നുതന്നെ സംസ്ഥാന സർക്കാർ മൗനം പാലിക്കുന്നതാണ് കാണാനുണ്ടായിരുന്നത്. സാഹിറ ശൈഖിനെ കൂടി ഒടുവിൽ സുപ്രീംകോടതി ശിക്ഷിച്ചതോടെ തന്റെ ബെസ്റ്റ് ബേക്കറി കിങ്കരന്മാരെ രക്ഷപ്പെടുത്താൻ കഴിയാതിരുന്നതിന്റെ ഖേദം മോഡിക്കും അങ്ങോർ നേതൃത്വം കൊടുക്കുന്ന ഗുജറാത്ത് ഭരണകൂടത്തിനും നല്ലതുപോലെയുണ്ടായിരുന്നു. 'ഹിന്ദുത്വ സർക്കാറിനു' വേണ്ടി ചോരചിന്താനിറങ്ങിയ 'ധീരജവാന്മാർ' ജയിലിലായത് സംസ്ഥാനത്തുടനീളം മോഡിക്കെതിരെ അസംതൃപ്തി പടർത്തുന്നതും കാണാനുണ്ടായിരുന്നു. ഈ സമയത്താണ് വാരാണസി സംഭവം നടന്നത്. കാറ്റ് 'ഹിന്ദുത്വ'ത്തിന് അനുകൂലമെന്ന് കണ്ടപ്പോൾ മോഡിയും അയാളുടെ പോലീസും എവിടെനിന്നോ നാലഞ്ച് ചെറുപ്പക്കാരെ തൂക്കിയെടുത്ത് പച്ചക്കു വെടിവെച്ചുകൊല്ലുകയും 'മോഡിയെ വധിക്കാനെത്തിയ ലശ്കറുകാർ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു' എന്ന പല്ലവി ആവർത്തിക്കുകയുമാണ് ഉണ്ടായത്.

അഹ്മദാബാദ് നഗരാതിർത്തിയിലുള്ള വട്‌വ ഗംഗാനഗർ സൊസൈറ്റിയിലെ 6-ാം നമ്പർ വാടകവീട്ടിൽ താമസിക്കുകയായിരുന്ന ഭീകരന്മാരെ മാർച്ച് 16-നാണ് പോലീസ് തെരഞ്ഞുചെല്ലുന്നത്. വാതിൽ തുറക്കുന്നതിനു പകരം വെടിവെച്ച അവരെ 89 റൗണ്ട് തിരയുതിർത്ത പോലീസ് വെടിവെച്ചുവീഴ്ത്തിയത്രെ. ഇവരുടെ കൈയിൽനിന്ന് 1.20 ലക്ഷം രൂപ കണ്ടെടുത്തതായും പോലീസ് പറയുന്നു. അതേസമയം സംഭവം നടന്നതായി പറയപ്പെടുന്ന വീട്ടിലേക്ക് വൈദ്യുതിയുടെയും വെള്ളത്തിന്റെയും കണക്ഷൻ ഇന്നേവരെ കിട്ടിയിട്ടില്ല. കൈയിൽ ഇത്രയധികം രൂപയുള്ള ഇവരെന്തിന് ഇത്തരമൊരു വീട് വാടകക്കെടുക്കണം? ഈ ഗംഗാനഗർ സൊസൈറ്റിയിൽ 48 വീടുകൾ ഉള്ളതിൽ ആറെണ്ണത്തിലാണ് ആൾതാമസമുള്ളത്. ഈ ആളുകളെ മുഴുവൻ മാധ്യമങ്ങളുമായി സംസാരിക്കുന്നതിൽനിന്നും പോലീസ് വിലക്കിനിർത്തിയിരിക്കുകയാണ്. ഇതെന്തിന്? 89 റൗണ്ട് വെടിവെച്ച ഏറ്റുമുട്ടലാണെങ്കിൽ ഇവരാരും കേൾക്കാതെ പോകാൻ തരമില്ലല്ലോ. അടഞ്ഞുകിടന്ന വീടിന്റെ വാതിലിൽ മുട്ടിയപ്പോൾ അകത്തുനിന്നും വെടിവെപ്പ് തുടങ്ങിയെന്നാണ് പോലീസ് പറയുന്നത്. വാതിൽ തുറക്കാതെ ഇവരെയെങ്ങനെ പോലീസിന് വെടിവെക്കാനായി? ഇനി അഥവാ അകത്തുനിന്നും വെടിവെച്ചിട്ടുണ്ടെങ്കിൽ അതിന്റെ അടയാളങ്ങൾ എന്തേ വാതിലിൽ കാണാനില്ലാത്തത്? തങ്ങൾ വാതിലിലൂടെയല്ല ജനവാതിലിൽ കൂടിയാണ് വെടിവെച്ചതെന്നാണ് ഇപ്പോൾ പുറത്തുവരുന്ന പുതുക്കിയ വിശദീകരണം. അപ്പോഴും അകത്തുള്ളവർ വെടിവെച്ചതെങ്ങനെയെന്ന ചോദ്യം ബാക്കിയാവുകയാണ്.

ഏറ്റുമുട്ടൽ കൊലപാതകങ്ങൾ എന്ന പേരിൽ ഗുജറാത്ത് പോലീസ് കഴിഞ്ഞ നാല് വർഷത്തിനിടെ 45 പേരെയെങ്കിലും വെടിവെച്ചുകൊന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ പലരുടെ കാര്യത്തിലും പിന്നീട് പോലീസിന്റെ അവകാശവാദം തെറ്റാണെന്നാണ് തെളിയിക്കപ്പെട്ടത്. ഊരും പേരുമറിയാത്ത എത്രയോ നിരപരാധികൾ ഗുജറാത്തിൽ പോലീസിന്റെ തോക്കിനിരയായിട്ടുണ്ടെങ്കിലും സംഭവം ഗുജറാത്തിൽ നടക്കുന്നതായതുകൊണ്ട് അതേ കുറിച്ച് മിണ്ടിയിട്ട് കാര്യമില്ല എന്ന നിലപാടിലാണ് മനുഷ്യാവകാശ സംഘടനകൾ പോലും എത്തിച്ചേരുന്നത്. സമീർഖാൻ പത്താൻ എന്ന 'കൊടും ഭീകരനെ' 2002-ൽ അഹ്മദാബാദ് പോലീസ് വെടിവെച്ചു കൊല്ലുകയും കോടതി പിന്നീട് അയാൾ കുറ്റക്കാരനല്ലെന്ന് കണ്ടെത്തുകയും ചെയ്ത സംഭവം ഉദാഹരണം. ഇസ്റത്ത് ജഹാൻ സംഭവത്തിലെ പോലെ ഈ കേസിലും ഒരുവിധ ഒച്ചപ്പാടും പിന്നീട് ഉണ്ടായിട്ടില്ല. നമ്മുടെ ജനാധിപത്യത്തിന്റെ മുഖത്ത് കരിതേക്കുകയാണ് ഈ കുരുതികൾ. ■